ജിം പദ്ധതികൾ ചർച്ച ചെയ്യാൻ സർവ്വ കക്ഷിയോഗം

117 (1182) ശ്രീ. ബിനോയ് വിശ്വം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആഗോള നിക്ഷേപ സംഗമത്തിൽ കടൽ മണൽ ഖനനത്തെപ്പറ്റിയുള്ള ഏതെങ്കിലും പദ്ധതി സമർപ്പിക്കുകയുണ്ടായോ ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) അംഗീകരിച്ച ആഗോള നിക്ഷേപ പദ്ധതികളിലൂടെ എത്രപേർക്ക് തൊഴിൽ നൽകാനാവുമെന്നാണ് സർക്കാർ കണക്കാക്കിയിട്ടുള്ളത് ; നാളിതുവരെ ഈ വകയിൽ എതപേർക്ക് തൊഴിൽ നൽകാൻ കഴിഞ്ഞുവെന്ന് വിശദമാക്കാമോ ;

(സി) ജിം പദ്ധതികളെപ്പറ്റി സർവ്വകക്ഷിയോഗം വിളിച്ച് അവലോകനം നടത്തുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കേരളത്തിന്റെ തീരക്കടലിൽ നിന്ന് മണൽ ഖനനം ചെയ്യുന്നതിനുള്ള നിർദ്ദേശത്തിന് ധാരണാപത്രം ഒപ്പുവയ്ക്കുകയുണ്ടായി. ഇതിന്റെ വിവിധ വശങ്ങളെക്കുറിച്ച് അന്വേഷണങ്ങളും സാങ്കേതിക പഠനങ്ങളും നടക്കാനിരിക്കുന്നതേയുള്ളൂ. കേന്ദ്ര സർക്കാർ ഏജൻസികളായ ജിയോളജിക്കൽ സർവ്വേ ഓഫ് ഇൻഡ്യ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഷ്യാനോഗ്രാഫി എന്നീ സ്ഥാപനങ്ങളാണ് പഠനങ്ങൾ നടത്തുക. പ്രസ്തുത പഠനങ്ങൾ വിലയിരുത്തിയതിനുശേഷമേ പദ്ധതിയെ സംബന്ധിച്ച അന്തിമ തീരുമാനം എടുക്കുകയുള്ളൂ.

(ബി) കണക്കാക്കിയിട്ടില്ല.

(സി) ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

പൊതുമേഖലാ സ്ഥാപനങ്ങൾ

118 (1183) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാസ്ഥാപനങ്ങൾ 2001-2002, 2002-2003 വർഷത്തിൽ ഉണ്ടാക്കിയ ലാഭം എത്രയാണ് ;

(ബി) പൊതുമേഖലാ തുണിമില്ലായ തൃശ്ശൂർ സീതാറാം മില്ലിന്റെ പുനഃസംഘടനയ്ക്കായി എന്റർപ്രൈസ് റിഫോംസ് കമ്മിറ്റി മുന്നോട്ടു വച്ചിട്ടുള്ള നിർദ്ദേശങ്ങൾ എന്തൊക്കെയാണ് ;

(സി) 2001-2002, 2002-2003 വർഷങ്ങളിലായി സീതാറാം മില്ലിന്റെ പ്രവർത്തനങ്ങൾക്ക് സർക്കാർ നൽകിയ സാമ്പത്തിക സഹായം എത്രയാണ് ; ഏതൊക്കെ ആവശ്യങ്ങൾക്കാണ് ഈ സംഖ്യ ചെലവഴിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) മുളങ്കുന്നത്തുകാവ് കെൽട്രോൺ പവർ ഡിവൈസസ്, റെക്ടിഫയേഴ്സ് എന്നീ പൊതുമേഖലാ വ്യവസായ യൂണിറ്റുകൾ അടച്ചു പൂട്ടുന്നതിനുണ്ടായ കാരണം എന്താണ് ; പിരിച്ചുവിട്ട തൊഴിലാളികൾക്ക് നൽകിയ ആനുകൂല്യങ്ങൾ എത്രയാണെന്ന് വ്യക്തമാക്കാമോ ;

(ഇ) മുളംകുന്നത്തുകാവിലെ കെൽട്രോൺ യൂണിറ്റുകളുടെ സ്ഥലം എന്ത് ആവശ്യത്തിന് ഉപയോഗിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ 2001-2002 സാമ്പത്തിക വർഷത്തിൽ 13,035.20 ലക്ഷം രൂപയും 2002-2003 വർഷത്തിൽ 12,584.40 ലക്ഷം രൂപയും ലാഭമുണ്ടാക്കി.

(ബി) നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് സർക്കാർ പുറപ്പെടുവിച്ച 5-10-2002-ലെ സർക്കാർ ഉത്തരവ് (എം.എസ്.)നം.100/2002/ഐ.സി.യുടെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) 2001-2002 ൽ സർക്കാർ ധനസഹായമൊന്നും അനുവദിച്ചിട്ടില്ല. 2002-2003 ൽ 100 ലക്ഷം രൂപ പ്രവർത്തനമൂലധനമായി അനുവദിച്ചിട്ടുണ്ട്. കൂടാതെ 2003-2004-ൽ ഇതിനോടകം 100 ലക്ഷം രൂപ സർക്കാർ ധനസഹായം അനുവദിച്ചിട്ടുണ്ട്. മില്ലിന്റെ വികസന പ്രവർത്തനങ്ങൾക്കാണ് ഈ തുക അനുവദിച്ചിട്ടുള്ളത്.

(ഡി) ലാഭമില്ലാത്തതിനാൽ ജി.ഐ.എഫ്.ആർ.ന്റെ നിർദ്ദേശപ്രകാരമാണ് പ്രവർത്തനം നിർത്തിവച്ചത്. കെൽട്രോൺ പവർ ഡിവൈസ്സ്-ലെ ജീവനക്കാർക്ക് വി.ആർ.എസ്. നൽകിയ ഇനത്തിൽ എഴുപത്തി രണ്ട് ലക്ഷം രൂപയാണ് ചെലവായത്. കെൽട്രോൺ റെക്ടിഫയേഴ്സിൽ വി.ആർ.എസ്. നല്കാൻ തീരുമാനമായിട്ടില്ല.

(ഇ) ഇ.ആർ.സി. ഇത് സംബന്ധിച്ച് വിശദമായ പഠനം നടത്തി വരുന്നതേയുള്ളൂ. എന്ത് ആവശ്യത്തിനാണ് ഉപയോഗിക്കുന്നതെന്നുള്ള കാര്യം തീരുമാനമായിട്ടില്ല.

സംസ്ഥാനത്ത് കേന്ദ്ര സർക്കാരിന്റെ പൊതുമേഖലാ നിക്ഷേപം വർദ്ധിപ്പിച്ചു കിട്ടുന്നതിന് സ്വീകരിച്ച നടപടി

119 (1184) ശ്രീ. എ. കെ. ബാലൻ :
ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ :
ശ്രീ. കെ. വി. കുഞ്ഞിരാമൻ :
ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കേന്ദ്ര സർക്കാരിന്റെ പൊതുമേഖലാ നിക്ഷേപം വർദ്ധിപ്പിച്ചുകിട്ടുന്നതിന് ഈ സർക്കാർ എന്തെങ്കിലും ശ്രമങ്ങൾ നടത്തുന്നുണ്ടോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly